LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യ സമരസേനാനി കേളപ്പജിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ

94 (1530) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര സേനാനി കേരള ഗാന്ധി കേളപ്പജിയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. സർക്കാരിൽ നൽകിയ നിവേദനത്തിൽ നടപടികൾ എവിടെവരെ എത്തി എന്നത് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സ്മാരകം യാഥാർത്ഥ്യമാകുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യ സമരസേനാനി, കേരളഗാന്ധി കേളപ്പജിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ റിപ്പോർട്ടിനായി കോട്ടയം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) സ്മാരക നിർമ്മാണം സംബന്ധിച്ച് ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഭൂതത്താൻകെട്ടിലുള്ള പുരാവസ്തു സംരക്ഷണം

95 (1531) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ നദീതീരത്തെ ഭൂതത്താൻകെട്ടിലുള്ള പുരാവസ്തു സംരക്ഷണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പുരാവസ്തു ദീർഘനാളായി സംരക്ഷിക്കാതെ കിടക്കുന്നതുമൂലം അവ നശിച്ച് പോകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ. എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പെരിയാർ തീരത്തെ പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളും പ്രദേശങ്ങളും വനത്തിനുള്ളിലായതിനാൽ ഇവയുടെ സംരക്ഷണത്തിന് വനം, റവന്യൂ, തദ്ദേശസ്വയംഭരണം, വിനോദ സഞ്ചാര വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പെരിയാർ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിനായി വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിന്റെ സംരക്ഷണത്തിനുള്ള പ്രാരംഭ നടപടിയായി റവന്യൂ വിശദവിവരം, സ്കെച്ച്, പ്ലാൻ, സർവ്വേ നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ലളിതകലാ അക്കാദമിയുടെ നിയന്ത്രണത്തിൽ ആർട്ട് ഗ്യാലറി

96 (1532) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലളിതകലാ അക്കാദമിയുടെ നിയന്ത്രണത്തിൽ അടൂരിൽ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകുമോ ;

(ബി) ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് നിലവിൽ വേണ്ടുന്നതായ ആവശ്യമായ ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഇത്തരത്തിൽ ലളിതകലാ അക്കാദമിയുടെ ആർട്ട് ഗ്യാലറികൾ എത്രയെണ്ണം പ്രവർത്തിച്ചു വരുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആർട്ട് ഗ്യാലറി തുടങ്ങുന്നതിനുവേണ്ടി കുറഞ്ഞത് 1000 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ള ഹാളും ഓഫീസ് സൗകര്യങ്ങളുള്ള ഉറപ്പുള്ള ഒരു കെട്ടിടവും ഗ്യാലറിക്ക് അനുയോജ്യമായി ഭിത്തികളിലും ഫ്ലോറിലും പെയിന്റിംഗ്, ചിത്രങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോർ സൗകര്യം, ഗ്യാലറി ലൈറ്റുകൾ ചിത്രങ്ങൾ തൂക്കിയിടുന്നതിന് അലൂമീനിയം റീപ്പറുകൾ, കലാസൃഷ്ടികൾ ഫംഗസും പൂപ്പലും പൊടിയും പിടിച്ച് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനുള്ള പ്രത്യേക ക്ലീനിംഗ് സൗകര്യങ്ങൾ എന്നിവയാണ് നിലവിൽ വേണ്ടതായ ആവശ്യമായ ഘടകങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly